# ദനഹാക്കാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

### യോഹ 1,29-42

**"നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" (യോഹ 1,38)**
**തന്റെ പിന്നാലെ വരുന്ന രണ്ട് വ്യക്തികളോട് എന്നതിനേക്കാൾ**
**തന്നെ തേടുന്ന ഏതൊരുവനോടും**
**ക്രിസ്തുവിന് ചോദിക്കാനുള്ള ചോദ്യം ഇതുതന്നെയാണ്...**

സാക്ഷ്യം
കുടുംബത്തിൽ നിന്നുതന്നെ
ആരംഭിക്കുന്നു...
അന്ത്രയോസ്
ക്രിസ്തുഅനുഭവം
പങ്കുവയ്ക്കുന്നത്
സഹോദരനായ
ശിമയോന്റെ അടുത്ത്.
സാക്ഷ്യങ്ങൾ
ആരംഭിക്കേണ്ടത്
കുടുംബത്തിൽ നിന്നാണ്.

ടെലഫോൺ നിറുത്താതെ മണിയടിക്കുന്നതു കേട്ടാണ് എമ്മാനുവേലച്ചൻ ഉറക്കത്തിൽ നിന്നും ഉണരുന്നത്... ആരാണാവോ ഈ വെളുപ്പാംകാലത്ത്! മണിനാദം നിലയ്ക്കുംമുമ്പെ അച്ചൻ ഫോൺ കൈക്കലാക്കി...

"ഹലോ...ഫാദർ മനുവേൽ ഹിയർ..."

"അച്ചോ...ഇതു കൊച്ചുതോമയുടെ വീട്ടിന് റോസിലിയാന്നെ..."

"ഓഹോ.. എന്താ വിശേഷിച്ച്...പറയൂ..."

"ഞങ്ങൾ കുറേനേരമായ് ട്രൈ ചെയ്യുന്നു... ഒരത്യാവശ്യകാര്യമുണ്ട് അച്ചൻ എത്രയും പെട്ടെന്ന് ഇവിടെ വരെ ഒന്നുവരണം...."

"എന്താ റോസിലിചേച്ചി ഇന്നാളത്തെപ്പോലെ കള്ളൻ കയറിയോ?"

ബീപ്..ബീപ് ...ബീപ്... ഇല്ലാ അച്ചൻ ചോദിച്ചത് അവിടെ കേട്ടിട്ടില്ലാ. മറുതലയ്ക്കൽ ഫോൺ വച്ച് പോയിരിക്കുന്നു. എന്താണാവോ ഇത്ര ഗുരുതരമായ പ്രശ്നം. ഒട്ടും സമയം കളയാതെ മാനുവേലച്ചൻ നീണ്ട വെള്ളക്കുപ്പായമെടുത്ത് ധരിച്ച് തിടുക്കത്തിൽ ബട്ടൻസുകൾ അതാതിന്റെ തുളകളിൽ തിരുകിക്കയറ്റി കൊച്ചുതോമയുടെ വീട്ടിലേക്കു പുറപ്പെട്ടു.

മാനുവേലച്ചൻ പടിക്കലെത്തിയപ്പോഴേക്കും റോസിലിചേച്ചി നേരിട്ടുവന്നു സ്വീകരിച്ചു.

"എന്താ റോസിലിചേച്ചി പ്രശ്നം?"

"പ്രശ്നമൊന്നുമല്ലാ....അച്ചൻ വരു കാണിച്ചുതരാം ഒരു സന്തോഷ വർത്തമാനമാണ്."

"അതെന്താണെന്നൊന്നു പറഞ്ഞൂടെ?" തിടുക്കത്തിൽ നടന്നതിന്റെ ക്ഷീണത്തിൽ അച്ചൻ നിന്നു കിതച്ചു.

"അച്ചനിങ്ങുവരുന്നെ... ഇതൊന്നുകണ്ടിട്ട് എന്താവേണ്ടെന്ന് വേഗം തീരുമാനിക്കണം..."

മാനുവേലച്ചന്റെ കൈയില്പിടിച്ച് വലിച്ചുകൊണ്ട് റോസിലിചേച്ചി അകത്തേക്ക് പോയി. അടുക്കളയോടു ചേർന്നുള്ള ഊണുമുറിയിൽ വീട്ടുക്കാരെല്ലാം വട്ടംകൂടിയിട്ടുണ്ട്. ഇവിടെ കാര്യമായിട്ടെന്തോ സംഭവിച്ചിരിക്കുന്നു എന്ന് അച്ചനു മനസിലായ്.

"അച്ചനിതേലൊന്നു നോക്കിക്കെ..."

മനുവേലച്ചൻ ചൂണ്ടുവിരൽകൊണ്ട് കണ്ണാടി മൂക്കിന്മെൽ നന്നായ് ഉറപ്പിച്ച് സൂക്ഷിച്ചുനോക്കി. മേശമേൽ വിരിച്ച വെള്ളത്തുണിയിൽ ഒരു കരിഞ്ഞ ചപ്പാത്തിയിരിക്കുന്നു.

"എന്തായിത്...ചപ്പാത്തീയല്ലെ!!!" അച്ചനു കാര്യത്തിന്റെ ഗൗരവം തീരെ

പിടികിട്ടിയില്ലാ...

"ആ ചപ്പാത്തിയിൽ എന്താണു കാണുന്നതെന്ന് ഒന്നുകൂടി സൂക്ഷിച്ചുനോക്കു.... അതിൽ ക്രിസ്തുവിന്റെ പ്രതിരൂപം കാണുന്നില്ലെ അച്ചോ?"

ശരിയാണ്. പരത്തിയപ്പോൾ അല്പം ഓവൽഷെയ്പ്പ് ആയെങ്കിലും ചപ്പാത്തി കണ്ടാൽ കുറ്റം പറയാനൊക്കില്ല.പഴുത്ത തവയിൽ ചുട്ടെടുത്ത നേരത്ത് ഒത്ത നടുഭാഗത്താണ് കരിവു പറ്റിയത്. ആ കരിവുപാടിൽ നോക്കിയാൽ ക്രിസ്തു കുരിശിൽ തൂങ്ങിക്കിടക്കുന്നതുപോലെയുണ്ട്. കുരിശിനു താഴെയായ് മൂന്നുനാലു ചെറിയ കരിവുകൾ ...അതു ക്രിസ്തുവിന്റെ മാതാവും പ്രിയ ശിഷ്യൻ യോഹന്നാനും മഗ്ദലനാ മറിയവും ഒക്കെ ആയിരിക്കണം...അല്ലെങ്കിൽ പീലാത്തോസിന്റെ പടയാളികൾ.

"ഇനി എന്താ നമുക്ക് ചെയ്യേണ്ടെ?... അച്ചനോടു ചോദിച്ചിട്ടുവേണോലോ ഒരു തീരുമാനമെടുക്കാൻ."

"ഇതാർക്കാ ഈ ദർശനം ആദ്യമുണ്ടായത്?" അച്ചൻ ചോദിച്ചു

"റോസിലിചേച്ചിക്കാ..."

മാനുവേലച്ചൻ കസേര വലിച്ചിട്ടിരുന്ന് കരിഞ്ഞ ചപ്പാത്തിയെ സൂക്ഷിച്ച് വീക്ഷിച്ചു...

"മറ്റു രണ്ടുചപ്പാത്തികൾ കൊണ്ടുവരു..."

ആദ്യം ചുട്ട രണ്ടുചപ്പാത്തികളും അച്ചൻ സസൂഷ്മം നിരീക്ഷിച്ചു... അതിലും കരിഞ്ഞപാടുകൾ ഉണ്ടായിരുന്നു...പക്ഷേ ഒന്നും ഉറപ്പിച്ചു പറയാൻ പറ്റുന്നില്ലാ...

"കറി ഇന്നും ഉരുളക്കിഴങ്ങുതന്നെ ആയിരിക്കുമല്ലോ? അതിന്റെ അവസ്ഥയിൽ അതിസ്വഭാവികമായ എന്തെങ്കിലും മാറ്റങ്ങൾ കാണുന്നുണ്ടോ?" അച്ചൻ അതു ചോദിച്ചപ്പോഴാണ് കറിയിൽ എന്തെങ്കിലും അടയാളം ഉണ്ടോ എന്നു നോക്കിയില്ലല്ലോ എന്ന് സ്ത്രീജനങ്ങൾക്കും തോന്നിയത്. കറിക്കലം മൊത്തമായ് മേശമേൽ എത്തി.

മാനുവേലച്ചൻ പ്ലേയ്റ്റിൽ ഒന്നിനുമുകളിൽ ഒന്നായ് ചപ്പാത്തികളടുക്കി. ഇപ്പോൾ ക്രൂശിതനായ ക്രിസ്തു ഏറ്റവും മുകളിൽ. പിന്നെ ഉരുളക്കിഴങ്ങുകറി രണ്ടുവട്ടം അച്ചൻ ചപ്പാത്തിക്കുമുകളിലൊഴിച്ചു. പണ്ട് പടയാളികൾ ക്രിസ്തുവിന്റെ മുഖത്ത് തുപ്പിയതിലും ക്രൂരമായ ഒരു പ്രവൃത്തി... അച്ചൻ തിടുക്കത്തിൽ മൂന്നു ചപ്പാത്തിയും അകത്താക്കി. ചപ്പാത്തി പരത്തുന്ന കോലുവച്ച് അച്ചനെ തലക്കടിച്ചുകൊല്ലാൻപോലും കഴിയാതെ റോസിലിചേച്ചി മരവിച്ചു നിന്നുപോയ്. കൈകഴുകി തുടച്ചിട്ട് അച്ചൻ എല്ലാവരോടുമായ് ഇത്രയും പറഞ്ഞു...

**"കരിഞ്ഞ ചപ്പാത്തിയിലല്ലാ ദൈവത്തെ തിരയേണ്ടത്... കരയുന്ന മനുഷ്യനിലാണ്."**

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യോഹന്നാൻ ക്രിസ്തുവിനെ കുറിച്ച് തൻെറ ശിഷ്യൻമാരിൽ രണ്ടുപേരോടു പറഞ്ഞു, "ഇതാ, ദൈവത്തിൻെറ കുഞ്ഞാട്!" (യോഹ 1,37). അവൻ പറഞ്ഞതു കേട്ട് ആ രണ്ടു ശിഷ്യൻമാർ ക്രിസ്തുവിനെ അനുഗമിച്ചപ്പോൾ ക്രിസ്തു തിരിഞ്ഞ്, അവരോട് ചോദിച്ചു, "നിങ്ങൾ എന്തന്വേഷിക്കുന്നു?" (യോഹ 1,38).

മനുഷ്യന്റെ സ്വഭാവം അവൻ ദൈവാന്വേഷകനാണ് എന്നുള്ളതാണ്. തനിക്ക് മുകളിൽ സകലത്തെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും നയിക്കുകയും ചെയ്യുന്ന ഒരു പരാശക്തി ഉണ്ടെന്നുള്ള തിരിച്ചറിവ് മനുഷ്യനുണ്ട്. അതുകൊണ്ട് തന്നെ അവൻ തന്റെ ജീവിതംത്തന്നെ ദൈവാന്വേഷണത്തിനും ദൈവപ്രീതിക്കും വേണ്ടി മാറ്റി വച്ചിരിക്കുന്നു. എങ്കിൽ, യോഹന്നാന്റെ സുവിശേഷത്തിലെ 1,29-42 വരെയുള്ള വചനഭാഗത്തിലൂടെ ക്രിസ്തു ചോദിക്കുന്നു, "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" (യോഹ 1,38). തന്റെ പിന്നാലെ വരുന്ന രണ്ട് വ്യക്തികളോട് എന്നതിനേക്കാൾ, തന്നെ തേടുന്ന ഏതൊരുവനോടും ക്രിസ്തുവിന് ചോദിക്കാനുള്ള ചോദ്യം ഇതുതന്നെയാണ്... എന്തിനാണ് നാം ദൈവത്തെ അന്വേഷിക്കുന്നത്?

സുവിശേഷത്തിൽ ക്രിസ്തുവിന്റെ പിന്നാലെ നിഴലായ് ചരിക്കുന്ന വ്യക്തികളുടെ

> "നിങ്ങൾ എന്തു കാര്യത്താൽ ദൈവത്തെ അന്വേഷിക്കുന്നു?" ദൈവത്തെ തേടുന്നതിന് ലക്ഷ്യമുണ്ടാകണം!

ജീവിതത്തിലേയ്ക്ക് ഒന്നു കണ്ണോടിച്ചാൽ മനസിലാകും എന്തിനാണ് ജനക്കൂട്ടം തിക്കിതിരക്കി ക്രിസ്തുവിനെ അനുഗമിച്ചത് എന്ന്. ക്രിസ്തുവിന്റെ അരികിലെത്തിയ ബഹുഭൂരിപക്ഷവും രോഗികളാണ്. അവർ ക്രിസ്തുവിന്റെ അരികിലെത്തിയത്, ക്രിസ്തുവിനെ തേടിവന്നത് ഒരിക്കൽപ്പോലും സ്വർഗ്ഗം സ്വന്തമാക്കാനല്ല. മറിച്ച്, സൗഖ്യം കൊണ്ട് തൃപ്തിയടയുന്നതിന് വേണ്ടിയാണ്. അവർ ക്രിസ്തുവിനെ ദർശിക്കുന്നത് തികച്ചും ഒരു ഡോക്ടർ അല്ലെങ്കിൽ വൈദ്യൻ എന്ന നിലയിൽ മാത്രമാണ്. സൗഖ്യത്തിലുപരിയായ ഒരു ആത്മബന്ധവും ഒരു രോഗിക്ക് പോലും സൗഖ്യദാതാവായിട്ടുള്ള ക്രിസ്തുവിനോടില്ല. അതുകൊണ്ട് തന്നെ, സൗഖ്യം തേടി വന്ന ഒരുവൻ പോലും സൗഖ്യപ്രാപ്തിക്ക് ശേഷം ക്രിസ്തുവിന്റെ കൂടെയില്ലാ!

ക്രിസ്തുവിനെ അന്വേഷിച്ച രണ്ടാമത്തെ കൂട്ടർ ക്ഷണികമായ അപ്പകഷ്ണങ്ങൾക്ക് വേണ്ടിയാണ്. അത് ക്രിസ്തു കൃത്യമായി പറഞ്ഞ് വയ്ക്കുന്നുണ്ട്. ക്രിസ്തുവിനെ കടലിൻെറ മറുകരയിൽ കണ്ടെത്തിയപ്പോൾ ജനക്കൂട്ടം ചോദിക്കുന്നു, "റബ്ബീ, അങ്ങ് എപ്പോൾ ഇവിടെയെത്തി?" ഇതു കേട്ടപ്പോൾ ക്രിസ്തു പ്രതിവചിച്ചു, "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അടയാളങ്ങൾ കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്" (യോഹ 6,25-26). അതുകൊണ്ടുതന്നെ ക്രിസ്തു തന്നെ അന്വേഷിച്ചവരെ ഓർമ്മപ്പെടുത്തുകയാണ്, "നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ മനുഷ്യപുത്രൻ തരുന്ന നിത്യജീവൻെറ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ" (യോഹ 6,27) എന്ന്.

*ഗുരുവിനെ അന്വേഷിച്ചെത്തുന്നവർ ഗുരുവിനോടൊത്ത് സഹവസിച്ച് രക്ഷകനെ അനുഭവിക്കുന്നു. ആ രക്ഷകനിലേയ്ക്ക് ആളുകളെ കൂട്ടികൊണ്ട് വരുന്നു!*

ഇന്നും, ജനക്കൂട്ടം ക്രിസ്തുവിനെ തിരയുന്നുണ്ട്. ക്രിസ്തുവിനെ ദിവ്യവൈദ്യനായും, രോഗസംഹാരിയായും, അൽഭുതപ്രവർത്തകനായും, മാജിക്കുകാരനായും കാണുന്നവർ ഒത്തിരിയാണ്. രോഗശാന്തിയ്ക്കുവേണ്ടിയും, സാമ്പത്തീക സുസ്തിതിക്കുവേണ്ടിയും, ഭൗതീക നേട്ടങ്ങൾക്കുവേണ്ടിയും, ആത്മീയ സിദ്ധികൾക്കുവേണ്ടിയും ക്രിസ്തുവിനെ അന്വേഷിക്കുന്നവർ അനവധിയാണ്. ഒന്നു സൂക്ഷിച്ച് നോക്കിയാൽ ക്രിസ്തുവിനെ അന്വേഷിച്ച് തിക്കിതിരക്കുന്നവരുടെയിടയിൽ നമ്മുടെയും മുഖം കാണാം. ഇന്നും, കൺവെൻഷൻ ഹാളുകളും, ധ്യാനകേന്ദ്രങ്ങളും, നൊവേനകേന്ദ്രങ്ങളും നിറഞ്ഞുകവിയുന്നുണ്ടെങ്കിൽ അതിനുള്ള കാരണം ഇതു തന്നെയാണ്. ഇവരോട് ക്രിസ്തുവിന് ചോദിക്കാനുള്ളത്, "നിങ്ങൾ എന്തിന് ദൈവത്തെ അന്വേഷിക്കുന്നു?"

ഒത്തരം കിട്ടാതെ കുനിഞ്ഞ ശിരസുമായി നിൽക്കുന്നവനോടും ക്രിസ്തുവിന് പറയാനുണ്ട്, "നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും" (മത്താ 6,33).

***"ഒരാൾ ഉദാരമായി നൽകിയിട്ടും കൂടുതൽ ധനികനാകുന്നു;***
***നൽകേണ്ടതു പിടിച്ചുവച്ചിട്ടും മറ്റൊരുവൻെറ ദാരിദ്ര്യം വർധിക്കുന്നു"***

സുഭാഷിതങ്ങൾ 11,24

ഫാ. ജോബി മെനോത്ത് : +91 944 7777 931